"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - മലപ്പുറം ജില്ലയിലെ വട്ടക്കുളം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീ.ആന്റണി-വി.-യ്ക്ക് എതിരെയുള്ള അച്ചടക്ക നടപടി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.545/2025/LSGD തീയതി,തിരുവനന്തപുരം, 24-02-2025

---

പരാമർശം:-

1. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 17/08/2015 ലെ ഇ10-26757/2015 നമ്പർ കത്ത്.
2. 09/10/2023 ലെ ഇപിബി3/8/2016/തസ്വഭവ നമ്പർ കുറ്റാരോപണ മെമ്മോ.
3. ശ്രീ. ആന്റണി വി. 10/11/2023 ൽ സമർപ്പിച്ച എതിർവാദ പത്രിക.
4. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 16/11/2024 ലെ LSGD/PD/6099/2023-VIGD2 നമ്പർ കത്ത്.

**ഉത്തരവ്**

മലപ്പുറം ജില്ലയിലെ എടപ്പാൾ ഹോസ്പിറ്റൽ പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനം നികുതി വെട്ടിപ്പ് നടത്തുന്നു എന്ന ആരോപണത്തിന്മേൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ അന്വേഷണം നടത്തി പരാമർശം (1) പ്രകാരം സമർപ്പിച്ച റിപ്പോർട്ടിൽ, എടപ്പാൾ ഹോസ്പിറ്റൽ പ്രൈവറ്റ് ലിമിറ്റഡ് എന്ന ആശുപത്രി കോമ്പൗണ്ടിൽ 7 കെട്ടിടങ്ങൾ പ്രവർത്തിച്ചു വരുന്നതായും, ആശുപത്രി കെട്ടിടത്തിലെ എല്ലാ മുറികൾക്കും പഞ്ചായത്ത് കെട്ടിട നമ്പർ പതിച്ചിരുന്നില്ലെന്നും, 7 കെട്ടിടങ്ങളുടെയും വിസ്തീർണ്ണം ആകെ 16,551.28 മീറ്റർ സ്ക്വയർ ആണെന്നും നിലവിലെ നിയമം അനുസരിച്ച് മീറ്റർ സ്ക്വയറിന് 8/- രൂപ പ്രകാരമാണ് വട്ടക്കുളം ഗ്രാമ പഞ്ചായത്തിൽ ഹോസ്പിറ്റലുകൾക്ക് നികുതി ഈടാക്കുന്നത് എന്നും ആയതുപ്രകാരം 1,32,410/- രൂപ ബിൽഡിംഗ് ടാക്സ് ഇനത്തിലേക്കായി പഞ്ചായത്തിലേക്ക് അടക്കേണ്ടതുണ്ട് എന്നും, എന്നാൽ ടി ആശുപത്രി 24.10.2014 തീയതി കെട്ടിട നികുതിയായി 65,843/- രൂപ വട്ടംകുളം ഗ്രാമ പഞ്ചായത്തിൽ അടച്ചിട്ടുള്ളതാണെന്നും, പരിശോധനയിൽ കണ്ടെത്തിയിട്ടുള്ളതായി റിപ്പോർട്ട് ചെയ്തിരുന്നു.

**2.** സ്ക്വയർ മീറ്റർ അടിസ്ഥാനത്തിലല്ല കെട്ടിട നികുതി തുക പഞ്ചായത്തിലേക്ക് അടച്ചിട്ടുള്ളത് എന്നതിനാൽ ബാക്കി വരുന്ന തുക മുൻ വർഷത്തേക്ക് കൂടി കണക്കാക്കി എടപ്പാൾ ഹോസ്പിറ്റൽ പ്രൈവറ്റ് ലിമിറ്റഡിൽ നിന്നും വസൂലാക്കുവാനും മലപ്പുറം ടൗൺ പ്ലാനിംഗ് വിജിലൻസ് വിഭാഗത്തെക്കൊണ്ട് ടി കെട്ടിടത്തിന്റെ വിസ്തീർണ്ണം കണക്കാക്കുവാനും, നികുതി ഈടാക്കുന്നതിൽ വീഴ്ച വരുത്തിയ വട്ടംകുളം ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്കെതിരെ വകുപ്പുതല നടപടി സ്വീകരിക്കുന്നതിനും വിജിലൻസ് ഡയറക്ടർ ശിപാർശ ചെയ്തിരുന്നു.

**3.** മേൽ ക്രമക്കേടുകളിൽ ഉത്തരവാദികളെന്ന് ആരോപിക്കപ്പെട്ടവരിൽ വട്ടംകുളം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായ ശ്രീ.ആന്റണി വി.-യ്ക്കെതിരെ കെ.സി.എസ്. (സി.സി. & എ) ചട്ടങ്ങളിലെ ചട്ടം **15** പ്രകാരം പരാമർശം **(2)** കുറ്റാരോപണ മെമ്മോ നൽകി അച്ചടക്ക നടപടി ആരംഭിച്ചിരുന്നു.

**4.** കുറ്റാരോപണ മെമ്മോയ്ക്ക് ശ്രീ.ആന്റണി-വി പരാമർശം **(3)** പ്രകാരം സമർപ്പിച്ച എതിർവാദ പത്രികയിൽ എടപ്പാൾ ഹോസ്പിറ്റൽ പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനം വസ്തു നികുതിയായ **65,863/-** രുപ അടവാക്കിയെന്നു പറയുന്ന **24-10-2014** തീയതിയിൽ ടിയാൻ അവിടെ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ആയിരുന്നില്ലെന്നും ടിയാന്റെ സേവന കാലം **05/01/2012** മുതൽ **08/01/2014** വരെയാണെന്നും ടി സ്ഥാപനവുമായി ബന്ധപ്പെട്ട് യാതൊരുവിധ കെട്ടിടത്തിനും ടിയാൾ കെട്ടിട നമ്പർ/കെട്ടിട നിർമ്മാണാനുമതി, നികുതി നിർണയം എന്നിവ നടത്തിയിട്ടില്ല എന്നും വട്ടംകുളം ഗ്രാമപഞ്ചായത്തിൽ കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രാബല്യത്തിൽ വന്നത് **06/06/2007** മുതലാണെന്നും, ആയതിനും വളരെ മുമ്പ് നിർമ്മാണം പൂർത്തീകരിച്ച് **1996**-ലെ **KPR** ചട്ടം പ്രകാരം വാർഷിക വാടക മുല്യത്തിന്റെ അടിസ്ഥാനത്തിൽ കെട്ടിട നികുതി നിർണ്ണയിക്കപ്പെട്ട കെട്ടിടങ്ങളുടെ തറ വിസ്തീർണം പഞ്ചായത്തിലെ കെട്ടിട നികുതി അസസ്സ്മെന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടിയിരുന്നില്ല എന്നും പിന്നിട് കെട്ടിട നികുതിക്ക് പകരമായി വസ്തുനികുതി പ്രാബല്യത്തിൽ ആയ ശേഷം മാത്രമാണ് കെട്ടിടങ്ങളുടെ വിസ്തിർണ്ണം നികുതിനിർണയ രജിസ്റ്ററിൽ ചേർത്തിട്ടുള്ളതെന്നും നികുതി പരിഷ്കരണ ഉത്തരവ് സംസ്ഥാനത്ത് **2011**-ൽ ഇറങ്ങുകയും ആയതിന് **01/04/2013** പ്രാബല്യ തീയതി നിശ്ചയിക്കുകയും ചെയ്തിരുന്നുവെങ്കിലും അത് പൂർത്തികരിച്ചത് **2015-16** വർഷത്തിലാണെന്നും **2013-14, 2014-15** വർഷങ്ങളിൽ പഴയ നിരക്കിൽ തന്നെ അടവാക്കുകയുമായിരുന്നു എന്നും അറിയിക്കുകയുണ്ടായി.

**5.** പ്രിൻസിപ്പൽ ഡയറക്ടർ ലഭ്യമാക്കിയ പരാമർശം **(4)** റിപ്പോർട്ട് പ്രകാരം, *ശ്രീ. ആന്റണിയുടെ സേവന കാലത്ത് എടപ്പാൾ ഹോസ്പിറ്റൽ പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന് ഏതെങ്കിലും തരത്തിലുള്ള നികുതി നിർണ്ണയം നടത്തിയതായി കാണുന്നില്ലായെന്നും, ആയതിനാൽ അസ്സെസ്സ്മെന്റ് രജിസ്റ്ററിൽ ഉണ്ടായിരുന്നതും വാർഷിക വാടകമൂല്യം കണക്കാക്കി നികുതി നിർണ്ണയം നടത്തി നികുതി ഈടാക്കി വരുന്ന ആശുപത്രി കെട്ടിടങ്ങൾക്ക് രജിസ്റ്റർ*

*പ്രകാരമുള്ള നികുതി ഈടാക്കുക മാത്രമാണ് ടി കാലയളവിൽ ചെയ്തിട്ടുള്ളതെന്ന ടിയാന്റെ വാദം അംഗീകരിക്കാവുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ടിയാളുടെ സേവന കാലയളവിൽ നടപടികൾ പൂർത്തീകരിച്ച് ഡിജിറ്റൽ സൈൻ ചെയ്ത കെട്ടിടമല്ലെന്നും കെട്ടിടത്തിന്റെ വിസ്തൃതി വിവരം 'സഞ്ചയ' സോഫ്റ്റ് വെയറിൽ ചേർത്തിട്ടുള്ളത് ടിയാന്റെ സേവന കാലയളവിൽ അല്ലെന്നുമുള്ള വാദവും അംഗീകരിക്കാവുന്നതാണെന്നും, ശ്രീ. ആന്റണിയുടെ സേവന കാലത്ത് അനധികൃത നിർമ്മാണങ്ങൾ റിപ്പോർട്ട് ചെയ്തതായോ നടപടിയെടുത്തതായോ തെളിയിക്കുന്നതായ രേഖകളൊന്നും തന്നെ പരിശോധനക്ക് ലഭ്യമായിട്ടില്ലെന്നും കെട്ടിടത്തിന്റെ ഭാഗിക നിർമ്മാണം പൂർത്തീകരിച്ച് **17/09/2014**-നാണ് ഓക്യുപെൻസി സർട്ടിഫിക്കറ്റിന് ആശുപത്രി അധികൃതർ അപേക്ഷ സമർപ്പിച്ചതെന്നും, പെർമിറ്റ് അനുവദിച്ചിരിക്കുന്നതും ഒക്യുപെൻസി നൽകിയതും ശ്രീ. ആന്റണിക്ക് ശേഷം വന്ന സെക്രട്ടറിയാണെന്നും (അതായത് **08/01/2014** മുതൽ **31/10/2015** വരെയുള്ള കാലയളവിലെ സെക്രട്ടറി ശ്രീ. ഹരിദാസൻ പി.കെ.) റിപ്പോർട്ട് ചെയ്തിട്ടുണ്ട്.*

*__2011__ ലെ നികുതി പരിഷ്കരണം നടപടികൾ പൂർത്തീകരിച്ച് എടപ്പാൾ ഹോസ്പിറ്റൽസിന്റെ നികുതി __1-4-2013__ മുതൽ പരിഷ്കരിച്ച് കുടിശ്ശിക സഹിതം പഞ്ചായത്ത് പിരിച്ചെടുത്തിട്ടുണ്ടെന്നും ആശുപത്രി കെട്ടിടത്തിന്റെ __14/138__ മുതൽ __1/209__ വരെയുള്ള __60__ മുറികളുടെ നികുതി തറവിസ്തീർണ്ണ അടിസ്ഥാനത്തിൽ പുനർനിർണ്ണയിച്ചത് __2017-18__ വർഷത്തിലാണെന്നും പരിഷ്കരിച്ച നികുതി __1-4-2013__ മുതലുള്ള കുടിശ്ശിക സഹിതം __6,90,335/-__ രൂപ __31-3-2018__ ന് ഈടാക്കിയിട്ടുണ്ടെന്നും വട്ടംകുളം ഗ്രാമ പഞ്ചായത്തിൽ നികുതി പരിഷ്കരണ നടപടികൾ __2013-14__ ൽ ആരംഭിച്ചിരുന്നുവെങ്കിലും അത് പൂർത്തീകരിച്ചത് __2017-18__ ലാണെന്നും മലപ്പുറം ടൗൺ പ്ലാനിംഗ് വിജിലൻസ് വിഭാഗത്തെക്കൊണ്ട് ആശുപത്രി കെട്ടിടത്തിന്റെ വിസ്തീർണ്ണം കണക്കാക്കുകയും ആശുപത്രി കെട്ടിടങ്ങളിലെ അനധികൃത നിമ്മാണങ്ങൾ __2018__ കേരള പഞ്ചായത്ത് ബിൽഡിംഗ് അനധികൃത നിർമ്മാണങ്ങളുടെ ക്രമവൽക്കരണ ചട്ടങ്ങൾ പ്രകാരം __28,01,745/-__ രൂപ കോംബൗണ്ടിംഗ് ഫീ ചുമത്തി ക്രമവൽക്കരിക്കുന്നതിന് ജില്ലാ ടൗൺ പ്ലാനർ അനുമതി നൽകിയതിന്റെ അടിസ്ഥാനത്തിൽ __19-4-2021__ ന് കെട്ടിടം ക്രമവൽക്കരിച്ച് നൽകുകയും __14/145A__ മുതൽ __14/145O__ വരെ കെട്ടിട നമ്പർ നൽകുകയും അധിക ഏരിയക്ക് __70,181/-__ രൂപ വസ്തു നികുതി ഈടാക്കുകയും ചെയ്തിട്ടുണ്ടെന്നും ക്രമവൽക്കരിച്ചത് പ്രകാരം നിലവിൽ ആശുപത്രി കെട്ടിടത്തിന്റെ ആകെ വിസ്തീർണ്ണം __17823.36__ $M^2$ ആണെന്നും പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്യുകയുണ്ടായി.*

**6.** സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മലപ്പുറം ജില്ലാ ജോയിന്റ് ഡയറക്ടറുടെ അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലുള്ള വസ്തുതകളിൽ നിന്നും, എടപ്പാൾ ഹോസ്പിറ്റൽ പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനം വസ്തു നികുതിയായ **65,863/-** രൂപ അടവാക്കിയെന്നു പറയുന്ന **24-10-2014** തീയതിയിൽ

ശ്രീ. ആന്റണി അവിടെ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ആയിരുന്നില്ലെന്നും, കുറ്റാരോപണ പത്രികയിൽ പരാമർശിച്ചിട്ടുള്ള പ്രകാരം എടപ്പാൾ ഹോസ്പിറ്റൽസ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിൽനിന്നും നികുതി ഈടാക്കുന്നതിൽ വീഴ്ച വരുത്തിയതിന് **05/01/2012** മുതൽ **08/01/2014** വരെ വട്ടംകുളം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീ. ആൻറണി വി. ഉത്തരവാദിയാണെന്ന് കണ്ടെത്താൻ കഴിഞ്ഞിട്ടില്ലെന്നും പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുള്ള സാഹചര്യത്തിലും ഇതേ വിഷയവുമായി ബന്ധപ്പെട്ട് ശ്രീ. ആന്റണിക്ക് ശേഷം **08/01/2014** മുതൽ **31/10/2015** വരെയുള്ള കാലയളവിൽ പ്രസ്തുത വട്ടംകുളം ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീ. ഹരിദാസനെതിരെയുള്ള അച്ചടക്ക നടപടി തീർപ്പാക്കിയിട്ടുള്ള സാഹചര്യത്തിലും പ്രസ്തുത ഗ്രാമ പഞ്ചായത്തിലെ മുൻ സെക്രട്ടറിയായിരുന്ന ശ്രീ. ആന്റണി വി. ക്കെതിരെ കെ.സി.എസ്. (സി.സി & എ) ചട്ടങ്ങളിലെ ചട്ടം **15** പ്രകാരം ആരംഭിച്ച അച്ചടക്ക നടപടി ഉപേക്ഷിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ ഇക്കാര്യത്തിൽ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
അഡിഷണൽ സെക്രട്ടറി

1. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
2. ശ്രീ. ആന്റണി വി., മുൻ സെക്രട്ടറി, വട്ടംകുളം ഗ്രാമപഞ്ചായത്ത് മലപ്പുറം *(തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന).*
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം/തൃശ്ശൂർ.
4. തദ്ദേശ സ്വയംഭരണ വകുപ്പ് ജോയിന്റ് ഡയറക്ടർ, മലപ്പുറം.
5. വിജിലൻസ് (ഡി) വകുപ്പ് (**08/01/2025** തീയതിയിലെ **VIG-D3/21/2024-VIG** നമ്പർ കുറിപ്പ് പ്രകാരം).
6. ഡയറക്ടർ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം.
7. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
8. കരുതൽ ഫയൽ/ഓഫീസ് കോപ്പി. (ഫയൽ നം. ഇപിബി3/8/2016/തസ്വഭവ.)

ഉത്തരവിൻ പ്രകാരം

Signed by
Riju M Das
Date: 28-02-2025 20:06:46
സെക്ഷൻ ഓഫീസർ